പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 284

# 2009-ലെ പമ്പാ നദീതടം അതോറിറ്റി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2009

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 284

# 2009-ലെ പമ്പാ നദീതടം അതോറിറ്റി ബിൽ

581/2009.

പന്ത്രണ്ടാം കേരള നിയമസഭ
ബിൽ നമ്പർ 284

# 2009-ലെ പമ്പാ നദീതടം അതോറിറ്റി ബിൽ

സംസ്ഥാനത്തെ പമ്പാനദിയിലെയും അതിന്റെ ജലാശയങ്ങളിലെയും ജലസ്രോതസ്സുകളെ ഒരു അവിഭാജ്യഘടകമെന്നപോലെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നടത്തിപ്പിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികവുമായ സംഗതികൾക്കും വേണ്ടി ഒരു അതോറിറ്റി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നതിനുള്ള

*ഒരു*
*ബിൽ*

പീഠിക.—ശബരിമല ക്ഷേത്രവും ആ ക്ഷേത്രത്തിലേക്കുള്ള തീർത്ഥാടനവുമായി ബന്ധപ്പെട്ട് പമ്പാ നദിയെ ഒരു പുണ്യനദിയായി കരുതപ്പെടുന്നതിനാലും ;

നദിയിലെ ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും, മലിനീകരണം തടയുന്നതിനുള്ള നടപടികളെടുക്കുന്നതിനും, നദിയിലെയും പോഷകസ്രോതസ്സുകളിലെയും ജലസ്രോതസ്സുകളെ ഒരു അവിഭാജ്യഘടകമാക്കി അതിന്റെ സംയോജിത ആസൂത്രണവും ക്രമമായ നിരീക്ഷണവും, നടത്തിപ്പും, വികസനവും ഏറ്റെടുക്കുന്നതിന് സർക്കാർ ബാദ്ധ്യസ്ഥമായിരിക്കുന്നതിനാലും ;

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ പലതരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി പമ്പാ കർമ്മ പദ്ധതി സംസ്ഥാന സർക്കാർ തയ്യാറാക്കിയിട്ടുള്ളതിനാലും ;

പമ്പാ കർമ്മ പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും ഏറ്റെടുത്ത പദ്ധതികളുടെ നടത്തിപ്പിനും, ക്രമമായ നിരീക്ഷണത്തിനുവേണ്ടിയും, ജലസ്രോതസ്സുകളുടെയും പമ്പാനദീതടങ്ങളുടെയും തുടർന്നുള്ള നടത്തിപ്പിനും വികസനത്തിനുമായി ഒരു ഏകോപിപ്പിച്ച ഫലോന്മുഖമായ ഉപാധിയെന്നപോലെ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി ആവശ്യമായിത്തീർന്നതിനാലും ;

പമ്പാനദിയിലെയും അതിന്റെ ജലാശയങ്ങളിലെയും ജലസ്രോതസ്സുകളെ ഒരു അവിഭാജ്യഘടകമെന്നപോലെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നടത്തിപ്പിനും അതിന് ആനുഷംഗികവുമായ സംഗതികൾക്കും വേണ്ടി ഒരു അതോറിറ്റി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാലും;

ഭാരത റിപ്പബ്ലിക്കിന്റെ അറുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

അദ്ധ്യായം I

പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2009-ലെ പമ്പാ നദീതടം അതോറിറ്റി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2008, ആഗസ്റ്റ് 2-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അതോറിറ്റി" എന്നാൽ 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട പമ്പാ നദീതടം അതോറിറ്റി എന്നർത്ഥമാകുന്നു ;

(ബി) "ചെയർ പേഴ്സൺ" എന്നാൽ അതോറിറ്റിയുടെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു ;

(സി) "ഏകോപന സമിതി" എന്നാൽ 11-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട സമിതി എന്നർത്ഥമാകുന്നു ;

(ഡി) "നിധി" എന്നാൽ 12-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട പമ്പാ നദീതടം അതോറിറ്റി നിധി എന്നർത്ഥമാകുന്നു ;

(ഇ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(എഫ്) "അംഗം" എന്നാൽ അതോറിറ്റിയിലെ ഒരംഗം എന്നർത്ഥമാകുന്നു ;

(ജി) "മെമ്പർ-സെക്രട്ടറി" എന്നാൽ അതോറിറ്റിയുടെ മെമ്പർ-സെക്രട്ടറി എന്നർത്ഥമാകുന്നു ;

(എച്ച്) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(ഐ) "പമ്പാ കർമ്മ പദ്ധതി" എന്നാൽ ജലസ്രോതസ്സുകളുടെ സംയോജിത ആസൂത്രണവും, ക്രമമായ നിരീക്ഷണവും, നടത്തിപ്പും, വികസനവും ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ മുഖേന പമ്പാ നദിയുടെയും അതിന്റെ ജലാശയങ്ങളുടെയും മലിനീകരണം ശമിപ്പിച്ച് സംരക്ഷിക്കുന്നതിനായി കേരള സർക്കാർ തയ്യാറാക്കി ഭാരത സർക്കാർ അംഗീകരിച്ച പദ്ധതി എന്നർത്ഥമാകുന്നു ;

(ജെ) "പമ്പാ നദീതടം" എന്നാൽ പമ്പാ നദിയുടെ ജലാശയപ്രദേശങ്ങളും സംസ്ഥാനത്തിന്റെ ഭൂപ്രദേശത്തിനകത്തുള്ള അതിന്റെ പോഷകനദികളും എന്നർത്ഥമാകുന്നു ;

(കെ) "പ്രോജക്ട് ഡയറക്ടർ" എന്നാൽ അതോറിറ്റിയുടെ പ്രോജക്ട് ഡയറക്ടർ എന്നർത്ഥമാകുന്നു ;

(എൽ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(എം) "റഗുലേഷനുകൾ" എന്നാൽ 21-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ റഗുലേഷനുകൾ എന്നർത്ഥമാകുന്നു ;

(എൻ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

അദ്ധ്യായം II

## അതോറിറ്റിയുടെ രൂപീകരണവും ചുമതലകളും അധികാരങ്ങളും

3. അതോറിറ്റിയുടെ രൂപീകരണം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, അതിൽ വിനിർദ്ദേശിച്ചേക്കാവുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി പമ്പാ നദീതടം അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കാവുന്നതാണ്.

(2) അതോറിറ്റി ശാശ്വതമായ പിൻതുടർച്ചാവകാശമുള്ളതും ഒരു പൊതു മുദ്രയുള്ളതും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്ഥാവര ജംഗമ സ്വത്തുക്കൾ ആർജ്ജിക്കാനും, കൈവശം വയ്ക്കാനും, കയ്യൊഴിക്കാനും, കരാറുകളിൽ ഏർപ്പെടാനും ഉള്ള അധികാരത്തോടുകൂടിയതുമായ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായം ആയിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

4. അതോറിറ്റിയുടെ ഘടന.—(1) അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) മുഖ്യമന്ത്രി, അദ്ദേഹം അതോറിറ്റിയുടെ ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) ജലവിഭവ വകുപ്പുമന്ത്രി, അദ്ദേഹം അതോറിറ്റിയുടെ വൈസ്-ചെയർമാൻ ആയിരിക്കുന്നതാണ് ;

(സി) ജലവിഭവ വകുപ്പ് സെക്രട്ടറി, അദ്ദേഹം അതോറിറ്റിയുടെ മെമ്പർ-സെക്രട്ടറി ആയിരിക്കുന്നതാണ് ;

(ഡി) സെക്രട്ടറി, റവന്യൂ വകുപ്പ് ;

(ഇ) സെക്രട്ടറി, വനം വകുപ്പ് ;

(എഫ്) സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് ;

(ജി) സെക്രട്ടറി, ആരോഗ്യ വകുപ്പ് ;

(എച്ച്) സെക്രട്ടറി, ശാസ്ത്ര, സാങ്കേതിക പരിസ്ഥിതി വകുപ്പ് ;

(ഐ) സെക്രട്ടറി, ധനകാര്യ വകുപ്പ് ;

(ജെ) സെക്രട്ടറി, ഊർജ്ജ വകുപ്പ് ;

(കെ) സെക്രട്ടറി, ദേവസ്വം ;

(എൽ) ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ;

(എം) പ്രസിഡന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് ; കൂടാതെ

(എൻ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജലമേഖലാ രംഗത്തെ രണ്ടു വിദഗ്ദ്ധരും.

(2) മെമ്പർ-സെക്രട്ടറി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

(3) അതോറിറ്റിക്ക്, അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരം അതിന്റെ ഏതെങ്കിലും ചുമതലകൾ മെമ്പർ-സെക്രട്ടറിക്കോ ഏകോപന സമിതിക്കോ ഏല്പിച്ചു കൊടുക്കാവുന്നതാണ്.

5. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും.—(1) 7-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് സർക്കാരിന് ഹിതമായിരിക്കുന്ന കാലത്തോളം ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതും അവരുടെ സേവന വ്യവസ്ഥകൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരവുമായിരിക്കുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, ഓരോ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗവും രാജിയാലോ, മരണത്താലോ അല്ലെങ്കിൽ മറ്റുവിധത്തിലോ അവരുടെ സീറ്റുകൾ നേരത്തേ ഒഴിവാകാത്തപക്ഷം, രണ്ടു വർഷക്കാലത്തേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതും പുനർനാമനിർദ്ദേശത്തിന് യോഗ്യരായിരിക്കുന്നതുമാണ്.

(3) നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതൊരംഗത്തിനും, അതോറിറ്റിയുടെ ചെയർമാനെ സംബോധന ചെയ്തുകൊണ്ടുള്ള ഒരു രാജിക്കത്ത് മുഖേന ഏതു സമയത്തും തന്റെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതാണ്.

6. അതോറിറ്റിയിലെ അംഗത്വത്തിനുള്ള അയോഗ്യത.—ഒരാൾ ഒരംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനും അംഗമാക്കപ്പെടുന്നതിനും,—

(എ) സാൻമാർഗ്ഗികാധഃപതനം ഉൾക്കൊള്ളുന്നതായി സർക്കാർ കരുതുന്ന ഒരു കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്തിരിക്കുന്ന ഒരാളാണെങ്കിൽ ; അല്ലെങ്കിൽ

(ബി) അയാൾ ബുദ്ധിസ്ഥിരതയില്ലാത്ത ആളും തക്ക അധികാരമുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ; അല്ലെങ്കിൽ

(സി) ഒരു അവിമുക്ത നിർദ്ധനനായ ആളാണെങ്കിൽ ; അല്ലെങ്കിൽ

(ഡി) കേന്ദ്ര സർക്കാരിന്റെയോ, കേരള സർക്കാരിന്റെയോ സർവ്വീസിൽ നിന്നോ, കേന്ദ്ര സർക്കാരിന്റെയോ കേരള സർക്കാരിന്റെയോ, ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു കോർപ്പറേഷനിൽ നിന്നോ അതോറിറ്റിയിലെ അംഗത്വത്തിൽ നിന്നോ നീക്കം ചെയ്യപ്പെടുകയോ പിരിച്ചുവിടുകയോ ചെയ്ത ഒരാളാണെങ്കിൽ ; അല്ലെങ്കിൽ

(ഇ) അതോറിറ്റിയുടെ ഉത്തരവുപ്രകാരം ചെയ്തിട്ടുള്ള ഏതെങ്കിലും പണിയിലോ അല്ലെങ്കിൽ അതോറിറ്റിയുടെയോ അതോറിറ്റിയുടെ കീഴിലോ അതോറിറ്റി മുഖേനയോ അതോറിറ്റിക്കുവേണ്ടിയോ ഉള്ള ഏതെങ്കിലും കരാറിലോ തൊഴിലിലോ സ്വന്തം നിലയിലോ തന്റെ പങ്കാളി മുഖേനയോ പ്രത്യക്ഷമായോ പരോക്ഷമായോ ഏതെങ്കിലും ഓഹരിയോ അവകാശബന്ധമോ ഉള്ള ആളാണെങ്കിൽ,

അയോഗ്യനായിരിക്കുന്നതാണ്.

7. അംഗത്തെ നീക്കം ചെയ്യൽ.—(1) സർക്കാരിന് നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗത്തെ, അയാൾ,—

(എ) 6-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും അയോഗ്യതകൾക്ക് വിധേയനായിത്തീരുകയോ ; അല്ലെങ്കിൽ

(ബി) പ്രവർത്തിക്കാൻ വിസമ്മതിക്കുകയോ അല്ലെങ്കിൽ അതിന് കഴിവില്ലാത്തവനായിത്തീരുകയോ ; അല്ലെങ്കിൽ

(സി) അതോറിറ്റിയിൽ നിന്നും തന്റെ അസാന്നിദ്ധ്യത്തിനുള്ള അനുവാദം വാങ്ങാതെ, അതോറിറ്റിയുടെ തുടർച്ചയായ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ ; അല്ലെങ്കിൽ

(ഡി) അംഗമെന്ന നിലയിൽ തുടരുന്നത് അതോറിറ്റിയുടെ താല്പര്യത്തിന് ഹാനികരമാവുന്നവിധത്തിൽ തന്റെ പദവി ദുരുപയോഗപ്പെടുത്തുകയുണ്ടായെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷമോ,

നീക്കം ചെയ്യാവുന്നതാണ്.

(2) നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗത്തെ നീക്കം ചെയ്യുന്നതിനെതിരെ നിവേദനം നടത്താനുള്ള ഒരവസരം നൽകാതെ ആ അംഗത്തെ നീക്കം ചെയ്യാനുള്ള യാതൊരു ഉത്തരവും (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

8. അതോറിറ്റിയുടെ അധികാരങ്ങളും ചുമതലകളും.—അതോറിറ്റിക്ക്, താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(i) പമ്പാനദിയുടെ ജലസ്രോതസുകളുടെയും ജലാശയങ്ങളുടെയും നിലനിർത്താവുന്ന വികസനത്തിനുവേണ്ടിയുള്ള നയങ്ങളും പദ്ധതികളും ആവിഷ്കരിക്കുന്നതിനും നാനാ ജീവികളടങ്ങുന്ന ജൈവസമൂഹത്തെയും പരിസ്ഥിതിയേയും അതിന്റെ ജനിതക വിഭിന്നതയോടുകൂടി സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ശാസ്ത്രീയമായ നടത്തിപ്പിനും ;

(ii) പദ്ധതിയിൻകീഴിൽ നടപ്പിലാക്കാനുള്ള വിവിധ വകുപ്പുകളുടേയും, ഏജൻസികളുടേയും പ്രോജക്ടുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ;

(iii) പമ്പാ കർമ്മ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനും, പദ്ധതിയിൻകീഴിൽ വരുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും ;

(iv) പമ്പാനദിയുടെ ജലസ്രോതസുകൾക്കും ജലാശയങ്ങൾക്കും ആഘാതമുണ്ടാക്കാവുന്ന, പ്രകൃതിവിഭവങ്ങളുടെ ചൂഷണത്തിന്മേലും കൈയേറ്റത്തിന്മേലും നിയന്ത്രണമോ, പരിമിതിയോ ഏർപ്പെടുത്തുന്നതിനും ;

(v) അതോറിറ്റിക്കുവേണ്ടി ഗ്രാന്റുകളും, അംശദായങ്ങളും, നിധികളും സ്വീകരിക്കുന്നതിനും ;

(vi) വകുപ്പുകളും മറ്റു ഏജൻസികളും പരാജയപ്പെടുന്ന സംഗതിയിൽ പ്രോജക്ട് പണികൾ അതോറിറ്റി സ്വയം ഏറ്റെടുക്കുന്നതിനും ;

(vii) അതോറിറ്റിയുടെ ഏതെങ്കിലും കാര്യം തീർപ്പാക്കുന്നതിനോ അതോറിറ്റിയുടെ ചുമതലകളെ സംബന്ധിച്ചുള്ള ഏതെങ്കിലും കാര്യത്തിൽ ഉപദേശം നൽകുന്നതിനോവേണ്ടി അതിന്റെ അംഗങ്ങൾക്കിടയിൽ നിന്നും കമ്മിറ്റിയെ നിയമിക്കുന്നതിനും ;

(viii) ശരിയായ സംസ്കരണം കൂടാതെ മാലിന്യമോ ഏതെങ്കിലും വ്യാവസായിക ദ്രവമാലിന്യങ്ങളോ ഗാർഹിക ദ്രവമാലിന്യങ്ങളോ പമ്പാനദിയിലേക്ക് ഒഴുക്കിവിടുന്നത്, 1974-ലെ വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്റ്റ് (1974-ലെ 6-ാം കേന്ദ്ര ആക്റ്റ്)-ലെ വ്യവസ്ഥകൾക്കനുസൃതമായി പരിമിതപ്പെടുത്തുന്നതിനും ;

(ix) നിയമലംഘനങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനും, തുടർനടപടികൾ നിരീക്ഷിക്കുന്നതിനും ;

(x) പമ്പാനദിയിലും, നദീതടങ്ങളിലും മലിനീകരണമുണ്ടായേക്കാവുന്ന ഏതൊരു പ്രവർത്തനവും ക്രമപ്പെടുത്തുന്നതിനും പരിമിതപ്പെടുത്തുന്നതിനും ; കൂടാതെ,

(xi) പമ്പാനദിയുടെ ജലസ്രോതസുകളുടേയും, നദീതടങ്ങളുടെയും സംരക്ഷണ ത്തിനുവേണ്ടിയുള്ള കാര്യക്ഷമമായ ഭരണനിർവ്വഹണത്തിനായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടതോ, ആനുഷംഗികമായതോ, ഉതകുന്നതോ ആയ മറ്റു കാര്യങ്ങൾ ചെയ്യുന്നതിനും.

9. അതോറിറ്റിയുടെ ഓഫീസും, ഉദ്യോഗസ്ഥന്മാരും, ജീവനക്കാരും.—(1) ഒരു പ്രോജക്റ്റ് ഡയറക്ടറെ സർക്കാർ നിയമിക്കേണ്ടതും അദ്ദേഹം, അതോറിറ്റിയിൻകീഴിൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും, കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

(2) അതോറിറ്റിക്ക്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ കാര്യക്ഷമമായ ചുമതലകൾ നിർവ്വഹിക്കുന്നതിനാവശ്യമെന്ന് കരുതുന്ന അത്രയും എണ്ണം ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരേയും നിയമിക്കാവുന്നതാണ്.

(3) അതോറിറ്റിയിലെ ഉദ്യോഗസ്ഥൻമാർക്കും ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളം, ബത്തകൾ മുതലായവ ഉൾപ്പെടെ അതോറിറ്റിയുടെ ഭരണപരമായ നടത്തിപ്പിനുള്ള ചെലവുകൾ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം വഹിക്കേണ്ടതാണ്.

(4) അതോറിറ്റിയുടെ ആഫീസ് പദ്ധതി പണികൾ ഏറ്റവുമധികം കേന്ദ്രീകരിക്കുന്ന പമ്പാനദീതടത്തിലെ അങ്ങനെയുള്ള സ്ഥലത്ത് സ്ഥാപിക്കേണ്ടതാണ്.

10. യോഗങ്ങൾ.—(1) അതോറിറ്റി അങ്ങനെയുള്ള സമയത്തും സ്ഥലത്തും യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിലെ കാര്യനിർവ്വഹണങ്ങളെ സംബന്ധിച്ച് റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യാവുന്ന പ്രകാരമുള്ള നടപടിക്രമം പാലിക്കേണ്ടതാണ്.

(2) വൈസ്-ചെയർമാന്റെ ഉപദേശപ്രകാരം മെമ്പർ-സെക്രട്ടറി അതോറിറ്റിയുടെ യോഗങ്ങൾ വിളിച്ചു കൂട്ടേണ്ടതാണ്.

(3) അതോറിറ്റിയുടെ ചെയർമാൻ അതോറിറ്റിയുടെ യോഗങ്ങളിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(4) അതോറിറ്റിയുടെ യോഗത്തിനുള്ള ക്വാറം നികത്തിയ അംഗത്വത്തിന്റെ മൂന്നിൽ ഒന്നായിരിക്കേണ്ടതും യോഗങ്ങളിൽ ഹാജരായി വോട്ടുചെയ്യുന്നവരുടെ കേവലഭൂരിപക്ഷപ്രകാരം തീരുമാനങ്ങൾ എടുക്കാവുന്നതുമാണ്.

11. ഏകോപനസമിതിയുടെ രൂപീകരണവും അതിന്റെ ചുമതലകളും.—(1) അതോറിറ്റിക്ക്, താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്ന ഏകോപനസമിതി എന്നറിയപ്പെടുന്ന ഒരു സമിതി രൂപീകരിക്കാവുന്നതാണ്, അതായത് :—

(i) സെക്രട്ടറി, ജലവിഭവ വകുപ്പ്-അദ്ദേഹം സമിതിയുടെ ചെയർമാൻ ആയിരിക്കുന്നതാണ് ;

(ii) ചീഫ് എൻജിനീയർ, പ്രോജക്ട്-II , ജലസേചനവകുപ്പ്-അദ്ദേഹം സമിതിയുടെ സെക്രട്ടറി ആയിരിക്കുന്നതാണ് ;

(iii) സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ;

(iv) മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി ;

(v) മുഖ്യവനപാലകൻ ;

(vi) ഡയറക്ടർ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് ;

(vii) ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ;

(viii) ചീഫ് എൻജിനീയർ, (ജലസേചനവും ഭരണവും) ജലസേചന വകുപ്പ് ;

(ix) ഡയറക്ടർ, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റും മാനേജ്മെന്റും ; കൂടാതെ

(x) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജലമേഖലാ രംഗത്തെ ഒരു വിദഗ്ദ്ധനും.

(2) അതോറിറ്റിയുടെ പൊതുവായ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായി, അതോറിറ്റിയുടെ പ്രവർത്തനങ്ങളുടെ നടത്തിപ്പ് ഏകോപന സമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതും അതോറിറ്റി ആവശ്യപ്പെടുന്ന പക്ഷം അത് അതോറിറ്റിയെ സഹായിക്കേണ്ടതുമാണ്.

(3) അതോറിറ്റിക്ക്, അതോറിറ്റിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് വേണ്ടി അതിന് ആവശ്യമെന്നു തോന്നുന്നത്രയും അങ്ങനെയുള്ള എണ്ണം സർക്കാരിതര സംഘടനകളേയും സാങ്കേതിക വിദഗ്ദ്ധരേയും തദ്ദേശ സ്വയംഭരണ പ്രതിനിധികളേയും ഏകോപന സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്. അങ്ങനെയുള്ള പ്രതിനിധികളുടെ എണ്ണം ഒരു സമയത്ത് അഞ്ചിൽ കവിയാൻ പാടുള്ളതല്ല.

(4) ഏകോപന സമിതി നടപ്പാക്കൽ ഏജൻസികളായ ജലവിഭവ വകുപ്പ്, കേരള ജല അതോറിറ്റി, ദേവസ്വം ബോർഡുകൾ, തദ്ദേശ സ്വയംഭരണവും മറ്റ് തദ്ദേശ

സ്ഥാപനങ്ങളും, മറ്റ് ഏജൻസികൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും ഏറ്റെടുക്കേണ്ടതായ മരാമത്ത് ജോലികൾ ആരംഭിക്കേണ്ടതും ഫണ്ടിന്റെ സമയബന്ധിതമായിട്ടുള്ള നൽകൽ സുഗമമാക്കേണ്ടതുമാണ്.

അദ്ധ്യായം III

## അതോറിറ്റിയുടെ ധനകാര്യവും കണക്കുകളും ആഡിറ്റും

12. അതോറിറ്റിയുടെ നിധി.—(1) അതോറിറ്റിക്ക് അതിന് സ്വന്തമായി നിധി ഉണ്ടായിരിക്കേണ്ടതും അതോറിറ്റിയുടെ എല്ലാ വരുമാനങ്ങളും അതിലേക്ക് വരവ് വയ്ക്കേണ്ടതും അതോറിറ്റി നടത്തുന്ന എല്ലാ പണം കൊടുക്കലുകളും അതിൽ നിന്നും നടത്തേണ്ടതുമാണ്. അതോറിറ്റിയിലെ ഉദ്യോഗസ്ഥൻമാർക്കും ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളം, ബത്തകൾ മുതലായവ ഉൾപ്പെടെ അതോറിറ്റിയുടെ ഭരണപരമായ നടത്തിപ്പിനുള്ള ചെലവുകളും ഈ നിധിയിൽ നിന്ന് ചെലവ് ചെയ്യേണ്ടതാണ്.

(2) അതോറിറ്റിയുടെ ഫണ്ടിൽ,—

(എ) യഥാർഹമായ ധനവിനിയോഗംവഴി, ആക്റ്റിന്റെ ആവശ്യത്തിലേക്കായി സംസ്ഥാന സർക്കാർ പണമായി നൽകുന്ന ഏതെങ്കിലും തുകകളും നൽകുന്ന ഏതെങ്കിലും ഗ്രാന്റുകളും ;

(ബി) യഥാർഹമായ ധനവിനിയോഗംവഴി 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റിലെ (2001-ലെ 18) വ്യവസ്ഥകൾ പ്രകാരം പമ്പാ നദിയിൽ മണൽ ഖനനം നടത്തുന്നതു മുഖേന റവന്യൂ അധികാരികൾ ശേഖരിക്കുന്ന ഫണ്ടിന്റെ വിഹിതവും, നിയമാനുസൃതമായ വകയിരുത്തൽവഴി അതോറിറ്റിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും ;

(സി) അതോറിറ്റിക്ക്, ഏതെങ്കിലും മറ്റ് ആളുകൾ അല്ലെങ്കിൽ കേന്ദ്ര സർക്കാർ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ നൽകുന്ന ഏതെങ്കിലും ഗ്രാന്റും അല്ലെങ്കിൽ സംഭാവനയും ; കൂടാതെ

(ഡി) സർക്കാർ നിർണ്ണയിക്കുന്ന അങ്ങനെയുള്ള നിബന്ധനകളോടും ഉപാധികളോടും കൂടി ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി അതോറിറ്റിക്ക് നൽകുന്ന വായ്പകളും സാമ്പത്തിക സഹായങ്ങളും,

അടങ്ങിയിരിക്കേണ്ടതാണ്.

13. നിധിയുടെ വിനിയോഗം.—അതോറിറ്റിയുടെ നിധിയും, അതോറിറ്റിയുടെ കൈവശത്തിലോ നിക്ഷിപ്തമായിട്ടുള്ളതോ ആയ എല്ലാ വസ്തുക്കളും ആക്റ്റിന്റെ ഭരണ നിർവ്വഹണത്തിനുവേണ്ടി വിനിയോഗിക്കേണ്ടതാണ്.

14. ബഡ്ജറ്റ്.—അതോറിറ്റി ഓരോ വർഷവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ഏകദേശം നിർണ്ണയിച്ച വരവും ചെലവും കാണിക്കുന്ന അതിന്റെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.

15. വാർഷിക റിപ്പോർട്ട്.—(1) അതോറിറ്റി, നിർണ്ണയിച്ചേക്കാവുന്ന ഫാറത്തിൽ, കഴിഞ്ഞ സാമ്പത്തികവർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ മുഴുവൻ വിവരം നൽകുന്ന വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും ഒരു പകർപ്പ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു റിപ്പോർട്ട് ലഭിച്ചശേഷം കഴിയുന്നത്ര വേഗം സർക്കാർ, അത് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

16. കണക്കുകളും ആഡിറ്റും.—(1) അതോറിറ്റിയുടെ കണക്കുകൾ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ സൂക്ഷിച്ചുപേരേണ്ടതും ആഡിറ്റ് ചെയ്യേണ്ടതുമാണ്.

(2) അതോറിറ്റി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള തീയതിക്കു മുമ്പായി കണക്കുകൾ ആഡിറ്റ് ചെയ്തതിന്റെ പകർപ്പ് അതിന്മേൽ ആഡിറ്റർമാരുടെ റിപ്പോർട്ട് സഹിതം സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

## അദ്ധ്യായം IV

## പലവക

17. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ അല്ലെങ്കിൽ അതിൻകീഴിലുണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടത്തിനോ അനുസൃതമായി, ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് അതോറിറ്റിക്കോ അതോറിറ്റിയിലെ ഏതെങ്കിലും അംഗത്തിനോ എതിരായി യാതൊരു വ്യവഹാരമോ, പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

18. സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരമോ, അതിൻകീഴിലോ സർക്കാരോ, അതോറിറ്റിയോ അല്ലെങ്കിൽ സർക്കാരോ അതോറിറ്റിയോ പ്രാധികാരം ചെയ്ത ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നമോ നിർണ്ണയിക്കേണ്ടതായ ഏതെങ്കിലും സംഗതിയോ തീർപ്പാക്കുവാനോ, തീരുമാനിക്കുവാനോ, കൈകാര്യം ചെയ്യുവാനോ നിർണ്ണയിക്കുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

19. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ, എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ആ വൈഷമ്യം നീക്കം ചെയ്യുന്ന ആവശ്യത്തിലേക്കായി, ഈ ആക്റ്റിനോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കോ വിരുദ്ധമല്ലാത്തതും ആവശ്യമെന്ന് അതിന് തോന്നുന്നതുമായ ഏതു നടപടിയും ഉത്തരവുമൂലം ചെയ്യാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ രണ്ടു വർഷത്തിനുശേഷം ഈ വകുപ്പിൻകീഴിൽ യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

20. അതോറിറ്റിയുടെ അംഗങ്ങളും ജീവനക്കാരും പബ്ലിക് സെർവന്റുമാർ ആയിരിക്കണമെന്ന്.—അതോറിറ്റിയുടെ എല്ലാ അംഗങ്ങളും ജീവനക്കാരും, ഈ ആക്റ്റിലെയോ, അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ, റഗുലേഷനുകളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുകയോ പ്രവർത്തിക്കാൻ ഉദ്ദേശിക്കുകയോ ചെയ്യുമ്പോൾ, 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവന്റുമാരായി കരുതപ്പെടുന്നതാണ്.

21. റഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—അതോറിറ്റിക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, 10-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചും, അതോറിറ്റിയുടേയോ, ഏകോപന സമിതിയുടേയോ, അതതു സംഗതിപോലെ, യോഗങ്ങൾക്ക് അനുവർത്തിക്കേണ്ടതായ നടപടിക്രമം സംബന്ധിച്ച് പ്രത്യേകമായും; അതോറിറ്റിയുടേയോ, ഏകോപന സമിതിയുടേയോ മുൻപാകെ വരുന്ന കാര്യങ്ങൾ തീർപ്പാക്കുന്നതു സംബന്ധിച്ചും റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

22. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റു വിജ്ഞാപനം വഴി, ഈ ആക്റ്റിലെ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും താഴെപ്പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ സംഗതികൾക്ക് അങ്ങനെയുള്ള ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(i) മെമ്പർ-സെക്രട്ടറിയുടെ അധികാരങ്ങളും ചുമതലകളും ;

(ii) അതോറിറ്റിയുടെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ സേവന വ്യവസ്ഥയും ;

(iii) പ്രോജക്റ്റ് ഡയറക്ടറുടെ അധികാരങ്ങളും കർത്തവ്യങ്ങളും ;

(iv) അതോറിറ്റിയുടെ ജീവനക്കാരുടെ നിയമനവും അവരുടെ സേവന വ്യവസ്ഥകളും ;

(v) വാർഷിക റിപ്പോർട്ടിന്റെ ഫാറവും ;

(vi) അതോറിറ്റിയുടെ കണക്കുകൾ ആഡിറ്റ് നടത്തേണ്ട രീതിയും; കൂടാതെ ;

(vii) നിർണ്ണയിക്കപ്പെടേണ്ടതോ, നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതിയും.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഓരോ ചട്ടവും അത് ഉണ്ടാക്കിയതിനു ശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ,

ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്ന തിനുമുൻപ് നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

23. മറ്റു നിയമങ്ങളുടെ ബാധകത തടയുന്നതല്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥ കൾ, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമങ്ങളിലെ വ്യവസ്ഥകൾക്ക് പുറമെയും അവയുടെ വ്യവസ്ഥകൾക്ക് ന്യൂനത വരുത്താത്ത വിധത്തിലായിരി ക്കുന്നതുമാണ്.

24. റദ്ദാക്കലും ഒഴിവാക്കലും.—(1) 2009-ലെ പമ്പാനദീതടം അതോറിറ്റി ഓർഡിനൻസ് (2009-ലെ 19) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കാര്യക്ഷമമായ ആസൂത്രണത്തിലൂടെയും നിരീക്ഷണത്തിലൂടെയും, നടത്തിപ്പിലൂ ടെയും പുണ്യനദി പമ്പയെയും അതിന്റെ ജലാശയങ്ങളെയും മാലന്യ വിമുക്തമാക്കി സംരക്ഷിക്കുന്നതിനുവേണ്ടി പമ്പാ കർമ്മ പദ്ധതി തയ്യാറാക്കേണ്ടതിന്റെ ആവശ്യകത കേരള സംസ്ഥാനത്തിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതും അതിന് ഭാരത സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ഈ ലക്ഷ്യം പ്രാവർത്തികമാക്കുന്നതിലേയ്ക്കായി പ്രസ്തുത പദ്ധതിയിൻകീഴിലുള്ള വിവിധ പ്രോജക്ടുകളുടെ നടത്തിപ്പിനുവേണ്ടി ചുമതലകളും അധികാരങ്ങളും അധികാരപ്പെടുത്തിക്കൊണ്ട് ഒരു അതോറിറ്റി രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

2 സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായുള്ള ഒരു സമഗ്ര നിയമനിർമ്മാണം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാലും 2008-ലെ പമ്പാ നദീതടം അതോറിറ്റി ഓർഡിനൻസ്, 2008 ആഗസ്റ്റ് 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും അത് 2008 ആഗസ്റ്റ് 2-ാം തീയതിയിലെ 1681-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2008-ലെ 31-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. 2008 നവംബർ 24-ാം തീയതി ആരംഭിച്ച് 2008 ഡിസംബർ 18-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2009-ലെ പമ്പാ നദീതട അതോറിറ്റി ഓർഡിനൻസ് 2009 ജനുവരി 3-ാം തീയതി 2009-ലെ 3-ാം നമ്പർ ഓർഡിനൻസായി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2009 ജനുവരി 5-ാം തീയതിയിലെ 31-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. 2009 ഫെബ്രുവരി 13-ാം തീയതി ആരംഭിച്ച് 2009 മാർച്ച് 3-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2009-ലെ പമ്പാ നദീതട അതോറിറ്റി ഓർഡിനൻസ് 2009 ആഗസ്റ്റ് 3-ാം തീയതി 2009-ലെ 19-ാം നമ്പർ ഓർഡിനൻസായി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2009 ആഗസ്റ്റ് 3-ാം തീയതിയിലെ 1415-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

മേൽപ്പറഞ്ഞ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം, പമ്പാ നദീതടം അതോറിറ്റി രൂപീകരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 5-ാം ഖണ്ഡം, അതോറിറ്റിയിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ സേവന വ്യവസ്ഥകൾ നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 9-ാം ഖണ്ഡം, ഒരു പ്രോജക്ട് ഡയറക്ടറെ നിയമിക്കുവാനും

അദ്ദേഹത്തിന്റെ അധികാരങ്ങളും, കർത്തവ്യങ്ങളും നിർണ്ണയിക്കുവാനും സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 19-ാം ഖണ്ഡം, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം അത് നീക്കം ചെയ്യാനായി ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 21-ാം ഖണ്ഡം, റെഗുലേഷനുകൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 22-ാം ഖണ്ഡം, ഈ ആക്റ്റിന്റെ ഏതെങ്കിലുമോ അല്ലെങ്കിൽ എല്ലാമോ ആയ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കുന്നത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും ഭരണപരമായ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനുശേഷം, നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ ഒരു സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എൻ. കെ. പ്രേമചന്ദ്രൻ.